പുതിയ പോലീസ് നിയമത്തിന്റെ അടിസ്ഥാനത്തിൽ പോലീസുകാർക്ക് പരിശീലനം

3 (1466) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. പി. ജയരാജൻ :
ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന പോലീസുകാർക്ക് പരിശീലനം നൽകുന്നതിന് നിലവിലുള്ള സംവിധാനം എന്താണ് ;

(ബി) വിവിധ വിഭാഗം പോലീസുകാർക്ക് നൽകുന്ന പരിശീലന പദ്ധതികളുടെ വിശദാംശം നൽകുമോ ;

(സി) സർവ്വീസിലുള്ള പോലീസുകാർക്ക് പുതിയ പോലീസ് നിയമത്തിന്റെ അടിസ്ഥാനത്തിൽ അവരുടെ പെരുമാറ്റത്തിലും കേസന്വേഷണത്തിലും നടപടി ക്രമങ്ങളിലും വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് ബോധവൽക്കരിക്കുന്നതിനായി വിപുലമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുമോ ?

ഉത്തരം

(എ) പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന പോലീസുകാർക്കുള്ള പരിശീലനം 19-5-2004-ലെ ജി.ഒ. (എംഎസ്.) നമ്പർ 192/04/ആഭ്യന്തരം പ്രകാരം പരിഷ്കരിച്ച സിലബസ് അനുസരിച്ച് ഇൻഡോർ ക്ളാസ്സുകളും ഔട്ട് ഡോർ ക്ളാസ്സുകളും പരീക്ഷകളും നടത്തിവരുന്നു. ഇവർക്ക് 9 മാസത്തെ ബേസിക്ക് ട്രെയിനിംഗും പോലീസ് സബ് ഇൻസ്പെക്ടർമാർക്ക് 1 വർഷത്തെ ബേസിക്ക് ട്രെയിനിംഗുമാണ് നൽകിവരുന്നത്. കൂടാതെ തിയറി ക്ലാസ്സുകളും കായിക പരിശീലനവും ആയുധ പരിശീലനവും, ഡ്രൈവിംഗ്, നീന്തൽ എന്നിവയിലും പരിശീലനം നൽകിവരുന്നു.

(ബി & സി) പോലീസ് സേനയിലെ പോലീസ് കോൺസ്റ്റബിൾ, പോലീസ് സബ് ഇൻസ്പെക്ടർ എന്നീ വിഭാഗങ്ങളിലേക്ക് തിരഞ്ഞെടുക്കുന്നവർക്ക് 2 തരത്തിലുള്ള പരിശീലനമാണ് നൽകുന്നത്.

1. ഇൻഡോർ വിഷയങ്ങൾ (ഐ.പി.സി., സി.ആർ.പി.സി., എവിഡെൻസ് ആക്ട്, സ്പെഷ്യൽ ആന്റ് ലോക്കൽ ലോ, പോലീസ് സയൻസ്, പോലീസ് ഡ്യൂട്ടീസ് & പോലീസ് ബിഹേവിയർ, ഓർഗനൈസേഷൻ & അഡ്മിനിസ്ട്രേഷൻ, പി.എസ്.ഒ., ടെലി കമ്മ്യൂണിക്കേഷൻ, കംപ്യൂട്ടർ, ഫസ്റ്റ് എയ്ഡ്, കമ്മ്യൂണിറ്റി പോലീസിംഗ്, ജന്റർ അവയർനെസ്സ്, ഡിസാസ്റ്റർ മാനേജ്മെന്റ്, മാൻ മാനേജ്മെന്റ്, സ്ട്രസ്സ് മാനേജ്മെന്റ്, ടൈം മാനേജ്മെന്റ്, ഹെൽത്ത് മാനേജ്മെന്റ്, കമ്മ്യൂണിക്കേഷൻ സ്കിൽ തുടങ്ങിയ മാനേജ്മെന്റ് വിഷയങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly

ഫോറൻസിക് സയൻസ്, സൈബർ ഫോറൻസിക്, ഫോറൻസിക് മെഡിസിൻ, ബി.ഡി.ഡി.എസ്സ്., വി.വി.ഐ.പി. സെക്യൂരിറ്റി, ക്രിമിനൽ ഇന്റലിജൻസ് കളക്ഷൻ തുടങ്ങിയ വിഷയങ്ങളിലും ക്ലാസ്സുകൾ നൽകുന്നു.

2. ഔട്ട് ഡോർ വിഷയങ്ങൾ-ഫിസിക്കൽ ട്രെയിനിംഗ്, പരേഡ്, ഫീൽഡ് ക്രാഫ്റ്റ്, ഫീൽഡ് സിഗ്നൽ ഫയറിംഗ്, ഫെറ്റിക് വർക്ക്, ഫയർ ഫൈറ്റിംഗ് & റെസ്ക്യൂ ഓപ്പറേഷൻ, മോബ് ഓപ്പറേഷൻ, അൺ ആംഡ് കോപാക്ട്, യോഗ, സ്വിമ്മിങ്ങ്, ഡ്രൈവിംഗ് തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സുകൾ നൽകുന്നു. ഇതുകൂടാതെ ഇൻഡോർ & ഔട്ട്ഡോർ ഗെയിംസ്, കൾച്ചറൽ പ്രോഗ്രാം, വിവിധ ആനുകാലിക വിഷയങ്ങളിൽ വർക്ക്ഷോപ്പ്, സെമിനാർ തുടങ്ങിയവയും ട്രെയിനിംഗിന്റെ ഭാഗമായി സിലബസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പോലീസ് നിയമം 2010 പരിഷ്ക്കരിക്കുന്നതനുസരിച്ച് ആയതിൽ പ്രതിപാദിച്ചിരിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ പോലീസുദ്യോഗസ്ഥരുടെ പെരുമാറ്റത്തിലും കേസന്വേഷണത്തിലും നടപടിക്രമങ്ങളിലും വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് ബോധവൽക്കരിക്കുന്നതിനായി വിപുലമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതാണ്.

വനിതാ പോലീസിനായി പ്രത്യേകം ബറ്റാലിയൻ

4 (1467) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനിതാ പോലീസിനായി പ്രത്യേകം ബറ്റാലിയൻ രൂപീകരിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പോലീസ് വകുപ്പിൻകീഴിൽ സർക്കിൾ തുടങ്ങുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ;

(സി) ഈ വർഷം സംസ്ഥാനത്തെ എത്ര പോലീസ് സ്റ്റേഷനുകളിൽ പുതുതായി ജനമൈത്രി പോലീസ് സംവിധാനം വ്യാപിപ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വനിതാ പോലീസിന് മാത്രമായി പ്രത്യേകം ബറ്റാലിയൻ രൂപീകരിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിന് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇന്റലിജൻസ്) ന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly